വിശകലനം

# സി.ഐ.എ ബന്ധം

# ഇന്ത്യ അമേരിക്കയിൽനിന്നും പഠിക്കാത്തത്

എൻ.എം ഹുസൈൻ

**സി.ഐ.എ** മേധാവി ലിയോൺ പനേറ്റയെ ആഭ്യന്തരമന്ത്രി ചിദംബരം സ്വീകരിച്ചത് അമേരിക്കൻ വിധേയത്വത്തിന് മാറ്റുകൂട്ടുകയാണ്. ഇന്ത്യയിലെ ഭരണരംഗത്തെ നേതാക്കളിൽ ചിലർ വർഷങ്ങൾക്ക് മുമ്പേ തലയിൽ മുണ്ടിട്ട് ചെയ്തിരുന്ന ഈ അവിഹിത ബാന്ധവങ്ങൾക്ക് ഔദ്യോഗികാംഗീകാരം ലഭിച്ചതായി കണക്കാക്കാം. അമേരിക്കയുടെ ചാരസംഘടനയായ സി.ഐ.എ അന്നാട്ടിലും പുറത്തും നടത്തിയിട്ടുള്ള നിയമവിരുദ്ധവും പ്രാകൃതവുമായ ഇടപെടലുകൾ, ഗൗരവപൂർവം രാഷ്ട്രാന്തരീയ സംഭവങ്ങൾ പഠിച്ചിട്ടുള്ളവർക്ക് സുപരിചിതമാണ്. അതുകൊണ്ടാവാം കോൺഗ്രസ്സിന്റെ നേതാക്കൾ അമേരിക്കക്ക് അനുകൂലമായ നിലപാടെടുക്കാൻ ഒന്നരദശകം മുമ്പുവരെയും മടിച്ചത്. എന്നാൽ നരസിംഹറാവുവിന്റെ കാലത്ത് പാർലമെന്റ് പോലും അറിയാതെ ആഗോളവത്കരണശക്തികൾക്ക് ഇന്ത്യയെ തീറെഴുതിക്കൊടുത്തപ്പോൾ സ്ഥിതി മാറാൻ തുടങ്ങി. കോർപറേഷനുകൾ കെട്ടിപ്പടുത്ത കച്ചവടസംസ്കാരത്തിന്റെ വരവോടെ രാഷ്ട്രീയ നേതാക്കളിൽ ഒരു വിഭാഗം കമീഷൻ ഏജന്റുമാരായി മാറി. സി.ഐ.എ ഒരുകാലത്തും തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിട്ടില്ല. പണം നൽകി ബുദ്ധിയും അധ്വാനവും വിലയ്ക്കുവാങ്ങുന്ന പാരമ്പര്യമേ അവർക്കുള്ളൂ.

പത്രപ്രവർത്തകരെയും ശാസ്ത്രജ്ഞരെയും മുതൽ വൻ രാഷ്ട്രീയ നേതാക്കളെ വരെ മൊത്തമായും ചില്ലറയായും വാടകക്കെടുത്തതിന്റെ കണക്കുകൾ പുറത്തുവിട്ട സി.ഐ.എ രേഖകളിൽ തന്നെകാണാം. എന്നാൽ ഇത്തരം കാര്യങ്ങളെപ്പറ്റിയൊന്നും വിവരമില്ലാത്ത ബുദ്ധിജീവികളും നേതാക്കളും സാംസ്കാരിക നായകന്മാരുമാണ് നമ്മുടെ നാട്ടിലുള്ളത്. പ്രത്യേകിച്ചും പുതിയ തലമുറക്കാർ.



ലിയോൺ പനേറ്റ

സി.ഐ.എയുടെ ജനനം തന്നെ വിദേശരാജ്യങ്ങളിൽ അട്ടിമറികൾ സംഘടിപ്പിക്കാനായിരുന്നു. ഈ ലക്ഷ്യം നേടാൻ അവർ അഹോരാത്രം പരിശ്രമിച്ചു. ഇന്ത്യയും ഇതിനു ബലിയാടായി. 'കശ്മീർ പ്രിൻസസ്' എന്നു പേരുള്ള ഒരു ചാർട്ടേഡ് ഇന്ത്യൻ വിമാനം ബോംബ് വെച്ച് തകർത്തതിനു പിന്നിൽ സി.ഐ.എ ആണെന്ന് ആരോപണമുയർന്നിരുന്നു. ചൈനീസ് പ്രധാനമന്ത്രി ചൗ എൻലായ് കയ

**കേന്ദ്രം ഭരിക്കുന്ന നേതാക്കളും ഇന്ത്യയുടെ രഹസ്യാന്വേഷണ–സുരക്ഷാ ഉദ്യോഗസ്ഥരും സി.ഐ.എ മേധാവിയെ സഹർഷം സ്വീകരിക്കുകയും ഏതെല്ലാം മേഖലകളിൽ സഹകരിക്കാമെന്നതിനെപ്പറ്റി സൗഹൃദ ചർച്ച നടത്തുകയുമാണ്. സി.ഐ.എയുമായി ചങ്ങാത്തം കൂടിയ രാഷ്ട്രങ്ങളെയെല്ലാം അവർ നിഷ്കരുണം നശിപ്പിച്ചിട്ടുണ്ടെന്ന യാഥാർഥ്യം അമേരിക്കൻ പ്രേമം മൂലം നമ്മുടെ നേതാക്കൾക്ക് ഗ്രഹിക്കാനാവുന്നില്ല.**

റാൻ സാധ്യതയുണ്ടായിരുന്ന വിമാനമായിരുന്നുവത്രെ അത്. 1955-ലാണ് ഈ സംഭവം. അന്നു മുതൽ പല സന്ദർഭങ്ങളിലും സി.ഐ.എ അട്ടിമറികൾ നടന്നതായി ആരോപിക്കപ്പെട്ടിരുന്നു. ചൈനീസ്-ഇന്ത്യൻ അതിർത്തിയിൽ വിമാനത്തിൽ പറന്ന് ചിത്രങ്ങളെടുക്കാൻ അനുവദിക്കണമെന്ന് അമേരിക്കൻ ഗവൺമെന്റ് ഇന്ത്യയോട് ആവശ്യപ്പെടുകയുണ്ടായി. 1992-ലായിരുന്നു ഇത്. എന്നാൽ സർക്കാർ ഈ ആവശ്യം നിരസിക്കുകയാണുണ്ടായത് (ഇക്കാര്യം വെളിപ്പെടുത്തിയത് ഇന്ത്യയുടെ ചാരസംഘടനയായ 'റോ'യിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന ബി. രാമനാണ്- *ഇന്ത്യാസ് സൈലന്റ് വാരിയേഴ്സ്* എന്ന കൃതിയിൽ). പ്രതികാരമായി ഇന്ത്യക്കെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുമെന്ന് അമേരിക്ക ഭീഷണിമുഴക്കുകയാണുണ്ടായത്. എന്നിട്ടും അക്കാലത്തെ നേതാക്കൾ കുലുങ്ങിയില്ല. സി.ഐ.എ അവരുടെ ലക്ഷ്യങ്ങൾക്ക് വേണ്ടി ഇന്ത്യയിൽ ഇടപെടാൻ ശ്രമിക്കുന്നതും ഇന്ത്യാ ഗവൺമെന്റ് അതിനൊന്നും വഴങ്ങാതിരിക്കുന്നതും ഇക്കാലങ്ങളിൽ കാണാനായി.

എന്നാൽ ഇന്നത്തെ സ്ഥിതിയോ? കേന്ദ്രം ഭരിക്കുന്ന നേതാക്കളും ഇന്ത്യയുടെ രഹസ്യാന്വേഷണ-സുരക്ഷാ ഉദ്യോഗസ്ഥരും സി.ഐ.എ മേധാവിയെ സഹർഷം സ്വീകരിക്കുകയും ഏതെല്ലാം മേഖലകളിൽ സഹകരിക്കാമെന്നതിനെപ്പറ്റി സൗഹൃദ ചർച്ച നടത്തുകയുമാണ്. സി.ഐ.എയുമായി ചങ്ങാത്തം കൂടിയ രാഷ്ട്രങ്ങളെയെല്ലാം അവർ നിഷ്കരുണം നശിപ്പിച്ചിട്ടുണ്ടെന്ന യാഥാർഥ്യം അമേരിക്കൻ പ്രേമം മൂലം നമ്മുടെ നേതാക്കൾക്ക് ഗ്രഹിക്കാനാവുന്നില്ല. ഉദാഹരണത്തിന് ദൂരെയെങ്ങും പോകേണ്ടതില്ല. അയൽ രാജ്യമായ പാകിസ്താനെ നോക്കിയാൽ മതി. ജനനം മുതൽ അമേരിക്കൻ ചേരിയിൽ നിലകൊള്ളുകയും സി.ഐ.എയുമായി നാഡീബന്ധം പുലർത്തുകയും ചെയ്ത ഐ.എസ്.ഐ പാകിസ്താനെ എവിടെ കൊണ്ടെത്തിച്ചുവെന്ന് ആർക്കും വ്യക്തമാണ്. താലിബാനും ലഷ്കറെ ത്വയ്യിബയും ജനിക്കുന്നതിനും വർഷങ്ങൾക്ക് മുമ്പുതന്നെ പാകിസ്താനെ അമേരിക്ക ഉപഗ്രഹരാഷ്ട്രമാക്കി മാറ്റിയിരുന്നു. ഇത്തരമൊരു പദവി തന്നെയാവുമോ സി.ഐ.എക്കു പിന്നാലെ പായുന്ന ഇന്ത്യയിലെ നേതാക്കളും സ്വപ്നം കാണുന്നത്? ചെകുത്താനും കടലിനും മധ്യേയെന്ന പോലെ മാറാൻ ഇടമില്ലാതെ വട്ടംകറങ്ങുന്ന സർദാരിയെപ്പോലുള്ള പാകിസ്താൻ നേതാക്കളെ ഇവർ മാതൃകയാക്കുകയാണോ?

ആഗോളവത്കരണത്തിന്റെ രണ്ടാം ഘട്ടം ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ ഗവൺമെന്റിന്റെ കാലത്താണ് നടപ്പായത്. സാമ്രാജ്യത്വ പാരമ്പര്യം സിരകളിലൂടെ ഒഴുകുന്ന സംഘ്പരിവാർ നേതാക്കൾക്ക് കോൺഗ്രസ്സിന്റെ ബ്രിട്ടീഷ് വിരുദ്ധ പാരമ്പര്യം പോലും ഇല്ലായിരുന്നു എന്നോർക്കുക. ബ്രിട്ടീഷ് അധിനിവേശത്തെ എതിർക്കുന്നതിനു പകരം മുസ്‌ലിംകളെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നുവല്ലോ അവരുടെ മുഖ്യ അജണ്ട. പിൽക്കാലത്ത് ഇവർ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ആരാധകരായത് സ്വാഭാവികമാണ്. അമേരിക്ക വിയറ്റ്നാം ആക്രമിച്ചപ്പോൾ അതിന് പരസ്യ പിന്തുണ നൽകിയവരാണ് സംഘ്പരിവാറുകാർ. അമേരിക്ക ധർമയുദ്ധമാണ് നയിക്കുന്നതെന്നു വരെ ഇവർ പ്രഖ്യാപിക്കുകയുണ്ടായി (ഇവരുടെ 'ധർമസങ്കൽപം' എന്താണെന്ന് ഇതിലൂടെ മനസ്സിലാക്കാനായി എന്ന മഹാനുഗ്രഹം നന്ദിയോടെ സ്മരിക്കട്ടെ).

എൻ.ഡി.എ അധികാരത്തിലെത്തുംവരെ ചില പ്രധാന സ്ഥാനങ്ങൾ വഹിക്കുന്ന 'റോ'യിലെ ഉദ്യോഗസ്ഥന്മാർക്കല്ലാതെ മറ്റാർക്കും സി.ഐ.എയുമായി ബന്ധപ്പെടുന്നതിന് അനുവാദമുണ്ടായിരുന്നില്ല. അതിനാൽ സി.ഐ.എക്കാർ നുഴഞ്ഞുകയറാൻ ശ്രമിച്ചാൽ പോലും ഔദ്യോഗികബാധ്യതയെന്ന നിലക്കും നിയമവിരുദ്ധമാണെന്നതിനാലും ഇന്ത്യയിലെ സുരക്ഷാ ഉദ്യോഗസ്ഥ വൃന്ദങ്ങളിൽ വിള്ളലുണ്ടാക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ മുന്നണി അധികാരത്തിലെത്തിയപ്പോൾ ഈ നിലക്ക് മാറ്റം വന്നു. റോ, ഇന്റലിജൻസ് ബ്യൂറോ, ഡിഫൻസ് ഇന്റലിജൻസ് ഏജൻസി തുടങ്ങിയ സുരക്ഷാ ഏജൻസികൾക്ക് സി.ഐ.എയുമായി ബന്ധപ്പെടാൻ അനുവാദം നൽകി. ഉപപ്രധാനമന്ത്രിയായിരുന്ന എൽ.കെ അദ്വാനി ഇന്ത്യയിലെ ഉന്നത സുരക്ഷാ ഉദ്യോഗസ്ഥരെയും കൂട്ടി സി.ഐ.എ, മൊസാദ് ചാര സംഘങ്ങളുമായി ചർച്ചയാരംഭിച്ചു (India Abroad News, 2004 Sep. 2004). പ്രധാന മന്ത്രി വാജ്പേയിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ബ്രിജേഷ് മിശ്ര മറ്റൊരു ചരിത്രം കൂടി സൃഷ്ടിച്ചു. പാക് ചാരസംഘടനയായ ഐ.എസ്.ഐ തലവനുമായി മിശ്ര കൂടിക്കാഴ്ച നടത്തി (ഇന്തോ-പാക് സൗഹൃദത്തിന്റെ ലക്ഷണമായി ആരും ഇതിനെ തെറ്റിദ്ധരിക്കേണ്ട. അമേരിക്കയുടെ ആജ്ഞ ശിരസാ വഹിക്കുകയായിരുന്നു ബി.ജെ.പി ഗവൺമെന്റ്).

രഹസ്യാന്വേഷണ-സുരക്ഷാ ഉദ്യോഗസ്ഥർക്ക് ലഭിച്ച ഈ സുവർണാവസരം ഇന്ത്യയുടെ ആഭ്യന്തര സുരക്ഷ ഉറപ്പാകാൻ സഹായിച്ചോ? ഇല്ലെന്നു മാത്രമല്ല അത് കൂടുതൽ അവതാളത്തിലുമായി. സി.ഐ.എയുടെയും മറ്റും വിദഗ്ധോപദേശങ്ങളും പരിശീലനങ്ങളും ഇന്ത്യക്ക് അനുഗ്രഹമാവും എന്ന അവകാശവാദം ഉന്നയിച്ചുകൊണ്ടാണ് രഹസ്യാന്വേഷണ കവാടങ്ങൾ തുറക്കപ്പെട്ടത്. എന്നാൽ 2008 നവംബർ 26-ലെ മുംബൈ ഭീകരാക്രമണം തടയാനായില്ലെന്നു മാത്രമല്ല അത് സംബന്ധമായി എന്തെങ്കിലും സൂചനകൾ തേടിപ്പിടിക്കാൻ പോലും ഇന്ത്യയിലെ രഹസ്യാന്വേഷണ ഏജൻസികൾക്ക് സാധിച്ചില്ല എന്ന യാഥാർഥ്യവും വെളിപ്പെട്ടു. മാത്രമല്ല, സി.ഐ.എയുമായും എഫ്.ബി.ഐയുമായും ഏറെ സഹകരിക്കുന്ന സ്ഥിതിയുണ്ടായാലും പാക് രഹസ്യാന്വേഷണ ഏജൻസികൾ സംഘടിപ്പിക്കുന്ന പദ്ധതികളെപ്പറ്റി ഒരു സൂചനയും നൽകാൻ അമേരിക്കൻ രഹസ്യാന്വേഷകർക്ക് കഴിയില്ലെന്നും ബോധ്യപ്പെട്ടു. പാക് ചാരസംഘടന സി.ഐ.എയുമായി അടുത്തബന്ധം പുലർത്തുന്നതായിട്ടു കൂടി ഇന്ത്യയെ സഹായിക്കാൻ അമേരിക്കക്കാവില്ലെന്നും തെളിഞ്ഞു. ഇന്ത്യൻ നേതാക്കൾ സി.ഐ.എക്കു പിന്നാലെ പോകുന്നതിന് ഇനിയും എന്തു ന്യായമാണുള്ളത്?

ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസികൾക്ക് സി.ഐ.എയുമായി നേരിട്ടു ബന്ധപ്പെടാമെന്ന് വന്നതോടെ അവർ അടുത്തിടപഴകാൻ തുടങ്ങി. ഇതിന്റെ പ്രയോജനം ലഭിച്ചത് സി.ഐ.എക്കായിരുന്നു. വൻതോതിൽ പണം മുടക്കിയതു കൊണ്ടാകാം ഇന്ത്യൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥരിൽ പലരും സി.ഐ.എക്ക് ഒട്ടേറെ രഹസ്യങ്ങൾ ചോർത്തിക്കൊടുത്തു. 'നൂറുകണക്കിന് ഇന്ത്യൻ ഏജന്റുമാർ' തുറന്നു കാട്ടപ്പെട്ടുവെന്നും രഹസ്യാന്വേഷകർ എന്നു വിശേഷിപ്പിക്കാവുന്ന ആരും തന്നെ ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസികളിൽ ഇല്ലാതായെന്നും പരിതപിച്ചത് മറ്റാരുമല്ല, 'റോ'യിലെ ഉയർന്ന ഓഫീസറായിരുന്ന ബി. രാമനാണ്. 'നൂറുകണക്കിന് ഇന്ത്യൻ ഏജന്റുമാർ' പിടിക്കപ്പെട്ടുവെങ്കിൽ പിടിക്കപ്പെടാതെ പോയവരുടെ എണ്ണം എത്രയാകുമെന്ന് സങ്കൽപിച്ചു നോക്കൂ!

**സി.ഐ.എയുടെയും മറ്റും വിദഗ്ധോപദേശങ്ങളും പരിശീലനങ്ങളും ഇന്ത്യക്ക് അനുഗ്രഹമാവും എന്ന അവകാശവാദം ഉന്നയിച്ചുകൊണ്ടാണ് രഹസ്യാന്വേഷണ കവാടങ്ങൾ തുറക്കപ്പെട്ടത്. എന്നാൽ 2008 നവംബർ 26–ലെ മുംബൈ ഭീകരാക്രമണം തടയാനായില്ലെന്നു മാത്രമല്ല അത് സംബന്ധമായി എന്തെങ്കിലും സൂചനകൾ തേടിപ്പിടിക്കാൻ പോലും ഇന്ത്യയിലെ രഹസ്യാന്വേഷണ ഏജൻസികൾക്ക് സാധിച്ചില്ല എന്ന യാഥാർഥ്യവും വെളിപ്പെട്ടു.**

രബീന്ദർ സിംഗ് എന്ന ഇന്ത്യൻ രഹസ്യാന്വേഷണ ഏജന്റാണ് ഇവരിൽ മുഖ്യനെന്ന് കരുതപ്പെടുന്നു. മാധ്യമങ്ങൾ ഇയാളെ വിശേഷിപ്പിച്ചത് “റോക്കകത്തെ സി.ഐ.എ സമ്പാദ്യം” എന്നാണ്. 2002-ൽ സിംഗ് അമേരിക്ക സന്ദർശിച്ചിരുന്നു. വിമാനറാഞ്ചൽ നടന്നാൽ റാഞ്ചികളെ കൈകാര്യം ചെയ്യാനുള്ള പരിശീലനം നേടാൻ എന്ന പേരിലായിരുന്നു സന്ദർശനം. എന്നാൽ തെക്കു-കിഴക്കനേഷ്യാ വിദഗ്ധനായ സിംഗ് കൗണ്ടർ ടെററിസം പരിശീലനത്തിന് പോയതെങ്ങനെ എന്ന കാര്യം ദുരൂഹമായിരുന്നു. 2002-ൽ മാത്രം ഇന്ത്യൻ രഹസ്യാന്വേഷകർ പങ്കെടുത്ത എൺപത് പരിശീലന പരിപാടികൾ അമേരിക്കയിൽ നടന്നതായി ബി. രാമൻ വ്യക്തമാക്കുന്നു. രണ്ട് വർഷം കഴിഞ്ഞതോടെ ദുരൂഹതകളെല്ലാം നീങ്ങി. രഹസ്യാന്വേഷണ ഉദ്യോഗസ്ഥനായ രബീന്ദർ സിംഗ് ഇന്ത്യയിൽനിന്നും ഒളിച്ചോടി അമേരിക്കയിൽ അഭയംതേടിയ വാർത്ത പുറത്തുവന്നു. വെറുംകൈയോടെയല്ല പോയത്, അതീവ രഹസ്യമായ ഒട്ടേറെ ഫയലുകളോടുകൂടിയായിരുന്നു യാത്ര. 2004-ൽ അമേരിക്കയിലെത്തി ന്യൂജഴ്സിയിൽ താമസമാക്കിയ സിംഗിനെ വിട്ടുകിട്ടാൻ 2006-ലാണ് റോ കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചത്. ഇപ്പോഴും കാത്തിരിപ്പ് തുടരുന്നു!

ഇന്ത്യയുടെ രഹസ്യാന്വേഷണ മേഖല സി.ഐ.എക്ക് തുറന്നുകൊടുക്കുന്നതിന് മുമ്പ് എല്ലാം ഭദ്രമായിരുന്നു എന്ന് കരുതേണ്ട. ഭരണാധികാരികൾ പൊതുവെ അമേരിക്കയെ അകറ്റിനിർത്തിയിരുന്ന അക്കാലത്തും സി.ഐ.എ ഇന്ത്യയിൽ ചാരപ്പണി നടത്തിയിരുന്നുവെന്നതിന് ഒട്ടേറെ തെളിവുണ്ട്. അനൂജ് ധർ എന്ന പത്രപ്രവർത്തകന്റെ *സി.ഐ.എയുടെ കണ്ണുകൾ തെക്കനേഷ്യയിൽ* (CIA's Eyes on South Asia) എന്ന കൃതി ശ്രദ്ധേയമാണ്. 1971-ലെ ഇന്ത്യാ-പാക് യുദ്ധക്കാലത്ത് ഇന്ദിരാഗാന്ധിയുടെ യുദ്ധപദ്ധതികൾ സി.ഐ.എക്ക് ചോർത്തിക്കൊടുത്തത് കേന്ദ്രമന്ത്രിമാരിൽ ഒരാളായിരുന്നുവെന്ന് സി.ഐ.എ പുറത്തുവിട്ട രഹസ്യരേഖകൾ ആധാരമാക്കി അനൂജ് ധർ സമർഥിക്കുന്നു.

സി.ഐ.എയുടെ ഇത്തരം ചാരപ്പണികൾക്ക് പിന്നെയും പഴക്കമുണ്ട്. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എം.ഒ മത്തായിയും ഇന്ത്യ ഭരിക്കുന്ന കാലം മുതലേ ഇതാരംഭിക്കുന്നു. നെഹ്റുവും മത്തായിയും അടുത്ത ബന്ധമായിരുന്നു. അന്നത്തെ എം.പിമാരും മന്ത്രിമാരും തുടങ്ങി വിജയലക്ഷ്മി പണ്ഡിറ്റുവരെ മത്തായിയെ ഡെപ്യൂട്ടി പ്രധാനമന്ത്രിയെന്നാണ് വിളിച്ചിരുന്നതെന്ന് നെഹ്റുവിന്റെ ജീവചരിത്രമെഴുതിയ ശങ്കർ ഘോഷ് എഴുതുന്നു (Jawaharlal Nehru: A Biography, Allied Publishers, p 328). മത്തായി സി.ഐ.എ ചാരനായിരുന്നുവെന്ന് ആരോപണമുയർന്നിരുന്നു- 1958-ൽ. ക്യാബിനറ്റ് സെക്രട്ടറിയായ വിഷ്ണു സഹായി ഇതേപ്പറ്റി അന്വേഷണം നടത്തുകയും ഔദ്യോഗികമായി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സർക്കാറിന്റെ ഈ റിപ്പോർട്ട് മത്തായിയെ കുറ്റമുക്തനാക്കിയെങ്കിലും എട്ടു വർഷങ്ങൾക്ക് ശേഷം സഹായി പ്രസിഡന്റായ ഡോ. എസ്. രാധാകൃഷ്ണനോട് പറഞ്ഞത് മറ്റൊന്നായിരുന്നു. ആരോപണങ്ങളിൽ അൽപം കഴമ്പുണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടുവെന്നാണ് സഹായി ഡോ. രാധാകൃഷ്ണനോട് പറഞ്ഞത്. ഡോ. രാധാകൃഷ്ണന്റെ മകനായ പ്രസിദ്ധ ചരിത്രകാരൻ ഡോ. എസ്. ഗോപാൽ രചിച്ച നെഹ്റുവിന്റെ ജീവചരിത്രത്തിൽ അഛനോട് സഹായി പറഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സഹായിയുടെ റിപ്പോർട്ട് വന്ന ശേഷം 1959 ജനുവരി 18-ന് മത്തായി സെക്രട്ടറി സ്ഥാനം രാജിവെക്കുകയാണുണ്ടായത് (ശങ്കർ ഘോഷിന്റെ കൃതി, പേജ് 328).

സി.ഐ.എ ചാരന്മാരുടെ ആത്മകഥാ കുറിപ്പുകളിലൂടെയും സി.ഐ.എയുടെ തന്നെ രഹസ്യരേഖകളിലൂടെയും സ്ഥിരീകരിക്കപ്പെട്ടവയാണ് ഇത്തരം ആരോപണങ്ങളിലേറെയും എന്ന വസ്തുത ശ്രദ്ധേയമാണ്. ■